**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2640** **13-02-2024 - ൽ മറുപടിയ്ക്ക്**

**നികുതി കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സാമ്പത്തിക വർഷത്തിൽ നികുതി വരുമാനയിനത്തിൽ 2024 ജനുവരി 31 വരെ ലഭിച്ചിട്ടുള്ള ആകെ തുക എത്രയെന്ന് അറിയിക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | 2023-24 സാമ്പത്തിക വർഷം വിവിധ നികുതിയിനങ്ങളിൽ സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഇതിൽ അബ്കാരി കുടിശ്ശിക, അണ്ടർ വാല്യുവേഷൻ എന്നീ ഇനങ്ങൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു. അണ്ടർ വാല്യുവേഷൻ കേസുകളുമായി ബന്ധപ്പെട്ട തുക പിരിച്ചെടുക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി 2023 മാർച്ചിൽ അവസാനിക്കുകയുണ്ടായി. ഇത്തരത്തിൽ പിരിച്ചെടുക്കേണ്ട തുക പിരിച്ചെടുക്കുന്നതിനായി കേരള മുദ്രപത്ര (കരണങ്ങളിൽ മൂല്യം കുറച്ചു കാണിക്കുന്നതു തടയൽ) ചട്ടങ്ങൾ പ്രകാരമുള്ള നോട്ടീസുകൾ ബന്ധപ്പെട്ട കക്ഷികൾക്ക് യഥാസമയം അയക്കാറുണ്ട്. |
| (ഡി) | 2024 മാർച്ച് 31ന് മുൻപ് എത്ര കുടിശ്ശിക തുക പിരിച്ചെടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇതിനായി എന്തെങ്കിലും കർമ്മ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

(എ) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

| സാമ്പത്തിക വർഷം | ജി.എസ്.ടി. വരുമാനം (കോടിയിൽ) * | നോൺ ജി.എസ്.ടി. വരുമാനം (കോടിയിൽ) * | ആകെ വരുമാനം (കോടിയിൽ)* |
|---|---|---|---|
| 2023-24( 31 ജനുവരി 2024 വരെ) | 25712.3 | 20902.83 | 46615.13 |

* Provisional

(ബി) രജിസ്ട്രേഷൻ വകുപ്പ്

| സാമ്പത്തിക വർഷം | നികുതി (കോടിയിൽ) | രജിസ്ട്രേഷൻ ഫീസ് (കോടിയിൽ) | ആകെ വരുമാനം (കോടിയിൽ) |
|---|---|---|---|
| 2023-24( 31 ജനുവരി 2024 വരെ) | 3067.63 | 1127.30 | 4194.93 |

(സി) ഗതാഗത വകുപ്പ്

ആകെ വരുമാനം - 5775.41 കോടി രൂപ
(31.01.2024 വരെ)

(ഡി) എക്സൈസ് വകുപ്പ്

| | |
|---|---|
| 2023-2024 (ജനുവരി 2024 വരെ) | 2132.81 കോടി |

വസ്തു നികുതി, കെട്ടിട നികുതി, എന്നീ ഇനത്തിൽ ലഭിച്ച നികുതി വരുമാനം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം-2

(എ) ഗതാഗത വകുപ്പ്

1) മോട്ടോർ വാഹന വകുപ്പ് – 2944 കോടി രൂപ
2) കെ.എസ്.ആർ.ടി.സി – 1844.73 കോടി രൂപ

(ബി) രജിസ്ട്രേഷൻ വകുപ്പ്

732.72 കോടി രൂപ (01.01.1986 മുതൽ 31.12.2023 തീയതി വരെയുള്ള കാലയളവിൽ രജിസ്റ്ററാക്കപ്പെട്ടിട്ടുള്ള ആധാരങ്ങളിൽ സ്വീകരിച്ചിട്ടുള്ള അണ്ടർ വാല്യുവേഷൻ നടപടികൾ പ്രകാരം ആകെ ലഭിക്കാനുള്ള കുടിശ്ശിക)

വസ്തു നികുതി, കെട്ടിട നികുതി, എക്സൈസ് ഡ്യൂട്ടി എന്നീ ഇനങ്ങളിൽ ലഭിക്കാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം-3</u>

### (എ) <u>ചരക്കുസേവന നികുതി വകുപ്പ്</u>

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയെ തുടർന്ന് എല്ലാ ജില്ലകളിലും നികുതിദായക സേവന വിഭാഗത്തിന് കീഴിൽ ഒരു അരിയർ റിക്കവറി വിങ് ആരംഭിച്ചിട്ടുണ്ട്. ഈ വിങ് മുഖേന വിവിധ നിയമങ്ങൾക്ക് കീഴിലുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാനുള്ള ഊർജ്ജിത നടപടികൾ പുരോഗമിച്ച് വരുന്നു. കൂടാതെ, വിവിധ നികുതി നിയമങ്ങളുടെ കീഴിലുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആംനസ്റ്റി 2024 നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

### (ബി) <u>ഗതാഗത വകുപ്പ്</u>

നികുതി കുടിശ്ശിക ഉള്ള കേസുകളിൽ മോട്ടോർ വാഹന വകുപ്പ് ആർ ആർ നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെ തന്നെ നികുതി അടക്കാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിലും ഇത്തരം വാഹനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതിന് വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ, വകുപ്പിൽ പിരിഞ്ഞുകിട്ടാൻ സാധ്യതയില്ലാത്ത നികുതി കുടിശ്ശികയുടെ ഒരു ഭാഗമെങ്കിലും ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

വസ്തു നികുതി, കെട്ടിട നികുതി, എക്സൈസ് ഡ്യൂട്ടി എന്നീ ഇനത്തിൽ ഉള്ള കുടിശ്ശിക പിരിച്ചെടുക്കാനുള്ള കർമ്മ പദ്ധതികൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ